സർ, നമ്മുടെ സഭയിൽ ഇതിനുമുൻപൊരിക്കലും ഇങ്ങനെ ഉണ്ടായിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : സർ. സർ;.....

ശ്രീ. എസ്. ഡാമോദരൻ: സർ,....സർ,.....

മി: സ്പീക്കർ : ഓർഡർ, ഓർഡർ. ഇക്കാര്യത്തെ സംബന്ധിച്ച് പല സ്റ്റേറ്റുമെൻറുകളും ഉണ്ടായിട്ടുണ്ട്. ഇതിനു് എന്താണു വേണ്ടതെന്നുള്ള കാര്യം നമുക്കു് ആലോചിക്കാം ഇതിനെപ്പറ്റി ആലോചിക്കുന്നതിനു് ഒരു സ്ഥലം ഉണ്ടല്ലോ. അവിടെവച്ച് നമുക്കു് ആലോചിച്ച് തീരുമാനിക്കാം.

ശ്രീ. കെ. എം. ജോർജ്ജ് : സർ, ഞാൻ അപേക്ഷിക്കുന്നതു് ഇത്രമാത്രമാണു്.

Shri T. K. Krishnan : I would like to know whether he is raising any point of order.

Shri K M. George : I am on my legs with the permission of the honourable Speaker. സർ, ഈ സഭയിലുണ്ടായ ഒരു കറുത്ത രംഗം സഭയിൽനിന്നു് തുടച്ചുമാറ്റുന്നതിനു് വേണ്ട നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ പ്രിവിലേജ് കമ്മറ്റിയെ ചുമതലപ്പെടുത്തണം. സർ, ഒരു കാര്യംകൂടി. ഇന്നു് ഈ സഭയിൽ വലിയ അനിഷ്ടസംഭവങ്ങളൊക്കെ നടക്കുമെന്നു് രണ്ടു മന്ത്രിമാർ പ്രസ്താവനകളിറക്കിയിട്ടുണ്ടു്. അങ്ങനെയുള്ള മനോഭാവം ചില മന്ത്രിമാരിൽ കാണുന്നതുകൊണ്ടു് നമ്മുടെ സഭയിൽ ഇങ്ങനെയുള്ള രംഗങ്ങൾ ഒരിക്കലും ഉണ്ടാകാതിരിക്കുന്നതിനു് വേണ്ട നിർദ്ദേശങ്ങളും നടപടികളും സ്വീകരിക്കുന്നതിനു് വേണ്ടതു ചെയ്യണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ. 22–ാം തീയതി കറുത്ത രംഗങ്ങളുണ്ടായി എന്നു പറയുന്നതു് ശരിയല്ല.

മി: സ്പീക്കർ: ഓർഡർ. ഓർഡർ. മി. കരുണാകരന്റെ ഒരു പ്രിവിലേജ് പ്രശ്നമുണ്ടു്. അതായതു് നവകേരളം പത്രത്തിൽ വന്ന ഗതാഗതമന്ത്രിയുടെ പ്രസംഗറിപ്പോർട്ടിനെക്കുറിച്ചാണു്. അതിനെസംബന്ധിച്ചു് ആലോചിച്ചതിനു ശേഷം തീരുമാനിക്കാം. ഞാൻതന്നെ അതിനെക്കുറിച്ചു് ഇതുവരെയും ആലോചിച്ചിട്ടില്ല.

3. STATEMENT BY SHRI O. KORAN

ശ്രീ. ഒ. കോരൻ : ബഹുമാനപ്പെട്ട സ്പീക്കർ അവർകളോടു് നിയമനിർമ്മാണ നടപടികളിലേയ്ക്കു് കടക്കുന്നതിനു മുൻപായി ഈ നിയമസഭയിലെ ഒരംഗമെന്നുള്ള നിലയിൽ അതിദാരുണമായ ഒരു സംഭവത്തെപ്പറ്റി രണ്ടുവാക്കു പറയാൻ സമയം അനുവദിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറുടെ പേഴ്സണലായ ബുദ്ധിമുട്ടുകളാണോ ?

ശ്രീ. ഒ കോരൻ : അതെ. പേഴ്സണലായ ബുദ്ധിമുട്ടുകളാണു്. ഞാൻ അസംബ്ലിയിലേക്കു് വരുന്നതിന്റെ തലേദിവസം എന്റെ വീട്ടിന്റെ മുറ്റത്തു നിൽക്കുമ്പോൾ ഒരു റൗഡിയും രണ്ടാളുകളുംകൂടി ഓടിവന്നു് എന്നെ വടികൊണ്ടു് ഉപദ്രവിക്കാൻ ശ്രമിച്ചു. ഞാൻ ജീവരക്ഷാർത്ഥം ഓടി വീട്ടിൽക്കയറി വാതിലടയ്ക്കുകയും അവർ വീടു് ആക്രമിക്കാൻ ശ്രമിച്ചപ്പോൾ ഞാൻ വീട്ടിൽനിന്നു് ഓടിരക്ഷപ്പെടുകയുമാണു ചെയ്തതു്. അങ്ങനെയാണു് ഇന്നു് അസംബ്ലിയിൽ വന്നതു് ഇതിനു കാരണമെന്താണെന്നന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചതു് ഇപ്രകാരമാണു്. അതായതു് ഒരു ദിവസം എന്റെ വീട്ടിൽവന്ന ഒരു സാധുസ്ത്രീയെ ഈ

LIBRARY ARCHIVES Kerala Legislative Assembly

റൗഡി ഉപദ്രവിച്ചു. അപ്പോഴാ അവർ പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടു. അന്തിക്കാട് പോലീസ് സ്റ്റേഷനിലുള്ള ഒരു റൗഡിയാണ് ഇയാൾ. ആ സ്ഥലത്തുള്ള ആളുകളൊക്കെ ഇയാളെ പേടിച്ചാണ് കഴിയുന്നത്, ഒരു സാധുവായ തേങ്ങാ വെട്ടുതൊഴിലാളി തേങ്ങവെട്ടിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ഈ റൗഡി അയാളെ ആക്രമിച്ചിട്ടുണ്ട്. അതുപോലെതന്നെ സാധുവായ ഒരു കർഷകത്തൊഴിലാളിയേയും ആക്രമിച്ചിട്ടുണ്ട്. ഇങ്ങനെ ഇയാൾ ഈ പ്രദേശത്തു മുഴുവൻ ആക്രമണം നടത്തുകയാണ്. ഞാൻ എന്റെ വീട്ടിൽനിന്നും പോന്നതിനുശേഷം എന്റെ കുട്ടികളെയും മറ്റും ഉപദ്രവിക്കുമോ എന്നെനിക്കു ഭയമുണ്ട്. ആദ്യം പറഞ്ഞു അയാൾ ജനസംഘത്തിന്റെ ആളാണെന്ന്. പിന്നീട് പറഞ്ഞു ഇയാൾ കമ്മ്യൂണിസ്റ്റാണെന്ന്. ഏതായാലും ഇപ്പോൾ ഇയാൾ കാരണം ജീവിക്കാൻ നിവൃത്തിയില്ലാതിരിക്കുകയാണ്. ഇയാളുടെ അക്രമം അവസാനിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സ്പീക്കും ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയും വേണ്ട നടപടികൾ കൈകൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രത്യേകിച്ച് പോലീസിനു വേണ്ട നിർദ്ദേശം കൊടുക്കണം. തീർച്ചയായിട്ടും ഇതിനു ഒരു പരിഹാരം ഉണ്ടാകണമെന്നും ഞാൻ അപേക്ഷിക്കുകയാണ്.

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ): സർ, ഈ കാര്യം ഇപ്പോൾ മാത്രമാണ് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടത്. ഇതിന്റെ ഗൗരവം പരിഗണിച്ച് അടിയന്തിരമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ട നിർദ്ദേശം കൊടുക്കുന്നതാണ്.

4. MESSAGE FROM THE PRESIDENT OF INDIA

മി. സ്പീക്കർ : ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രസിഡൻറിൽ നിന്ന് ഈ സഭ പാസാക്കിയയച്ച പ്രമേയത്തിനു ഒരു മറുപടി കിട്ടിയിട്ടുണ്ട്. ഞാൻ അതു ഇവിടെ വായിക്കാം. "The President has asked me to thank you for your letter of August 29, 1969 and for the good wishes conveyed in the resolution passed by the Kerala Legislative Assembly, Trivandrum on August 21, 1969 and, on his election. He sends his best wishes to all of you."

5. ADJOURNMENT MOTION.

(i) Strike of N. M. R. Workers

Mr. Speaker: ഇവിടെ രണ്ടു മൂന്നു അടിയന്തിരപ്രമേയങ്ങൾ കിട്ടിയിട്ടുണ്ട്. സംസ്ഥാനത്തെ എൻ. എം. ആർ. തൊഴിലാളികൾ പണിമുടക്കിയിരിക്കുന്നതുമൂലം സംജാതമായിരിക്കുന്ന ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ചചെയ്യാൻ ശ്രീ. ടി. കെ. രാമകൃഷ്ണൻ, ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ, ശ്രീ. സി. ഗോവിന്ദപ്പണിക്കർ എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്. ഈ പ്രശ്നത്തെസംബന്ധിച്ചുതന്നെ ശ്രീ. ആർ. എസ്. ഉണ്ണിയും റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് തന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് അതിനെക്കുറിച്ച് മറുപടി പറയാം.

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ): സർ, കഴിഞ്ഞമാസം 1-ാം തീയതിമുതൽ സംസ്ഥാനത്തെ എൻ. എം. ആർ. തൊഴിലാളികൾ, പ്രത്യേകിച്ച് പി.ഡബ്ലു.ഡി. ആൻഡ് ബിൽഡിംഗ്സിലുള്ള എൻ. എം. ആർ. തൊഴിലാളികൾ പണിമുടക്കിൽ ഏർപ്പെട്ടിരിക്കുകയാണ്. അവർ പണിമുടക്കുന്നതിനുമുൻപായി ചില അടിയന്തിരാവശ്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അവർ മുന്നോട്ടുവച്ചിട്ടുള്ള അവകാശവാദങ്ങൾ മറ്റു പല ഡിപ്പാർട്ടുമെന്റിലുള്ള തൊഴിലാളികളേയും വ്യവസായികരംഗത്തുള്ള തൊഴിലാളികളെയും ബാധിക്കുന്നതും ദൂരവ്യാപകമായ ഫലങ്ങൾ ഉൾക്കൊള്ളുന്നവയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly